എഴുപത് വർഷങ്ങൾക്ക് മുൻപ് നരകത്തിലേക്ക് എറിയപ്പെട്ട
ഒരു കല്ലാണത്. അതിൻ്റെ അടിത്തട്ടിലേക്ക് (ഇപ്പോൾ)
എത്തുന്നത് വരെ അത് നരകത്തിലേക്ക് പതിച്ചു
കൊണ്ടേയിരിക്കുകയായിരുന്നു
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: ഞങ്ങൾ നബി -صلى الله عليه وسلم- യോടൊപ്പമുണ്ടായിരുന്ന ഒരു
സന്ദർഭത്തിൽ ഒരു വസ്തു വന്നുവീഴുന്ന ശബ്ദം കേൾക്കുകയുണ്ടായി. അപ്പോൾ നബി -صلى الله عليه وسلم-
ചോദിച്ചു: "എന്താണ് അത് എന്ന് നിങ്ങൾക്കറിയുമോ?!" ഞങ്ങൾ പറഞ്ഞു: "അല്ലാഹുവിനും
അവൻ്റെ റസൂലിനുമാണ് ഏറ്റവും അറിയുക." നബി -صلى الله عليه وسلم- പറഞ്ഞു: "എഴുപത് വർഷങ്ങൾക്ക് മുൻപ്
നരകത്തിലേക്ക് എറിയപ്പെട്ട ഒരു കല്ലാണത്. അതിൻ്റെ അടിത്തട്ടിലേക്ക് (ഇപ്പോൾ)
എത്തുന്നത് വരെ അത് നരകത്തിലേക്ക് പതിച്ചു കൊണ്ടേയിരിക്കുകയായിരുന്നു."
[صحيح] [رواه مسلم]
ഒരു ശരീരം താഴെ വന്നു പതിക്കുന്നത് പോലെ പ്രയാസപ്പെടുത്തുന്ന ഒരു ശബ്ദം നബി -صلى الله عليه وسلم-
കേൾക്കുകയുണ്ടായി. അവിടുത്തോടൊപ്പമുള്ള സ്വഹാബിമാരിൽ ചിലരോട് നബി -صلى الله عليه وسلم- അതിനെ
കുറിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞു: "അല്ലാഹുവിനും അവൻ്റെ റസൂലിനുമാണ് ഏറ്റവും
അറിയുക." അപ്പോൾ നബി -صلى الله عليه وسلم- അവർക്ക് പറഞ്ഞു കൊടുത്തു: "നിങ്ങൾ കേട്ട ഈ ശബ്ദം നരകത്തിൻ്റെ
വായ്ത്തലയിൽ നിന്ന് എഴുപത് വർഷങ്ങൾക്ക് മുൻപ് എറിയപ്പെട്ട ഒരു കല്ല് അതിൻ്റെ
അടിത്തട്ടിലേക്ക് പതിച്ച ശബ്ദമാണ്. ഇത്രയും കാലം അത് താഴേക്ക് പതിച്ചു
കൊണ്ടിരിക്കുകയായിരുന്നു."
https://sunnah.global/hadeeth/ml/show/3370